# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 10

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി.(ഓണേഴ്സ-2015 അഡ്മിഷൻ റഗുലർ, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/715/2020)

2019 ഒക്ടോബറിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി.(ഓണേഴ്സ്-റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/716/2020)

## എം.ഫിൽ കെമിസ്ട്രി
## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.ഫിൽ കെമിസ്ട്രി പ്രോഗ്രാമിൽ (2019-20) പട്ടികവർഗ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. യോഗ്യരായവർ ജൂലൈ 14ന് ഉച്ചകഴിഞ്ഞ് രണ്ടിനകം 0481 2731036, 9496720967 എന്നീ ഫോൺ നമ്പരിലോ office.scs@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

(പി.ആർ.ഒ/39/717/2020)

## കോവിഡ് 19: എം.ജി.യിൽ കർശന നിയന്ത്രണം, സേവനങ്ങൾ ഓൺലൈനിലും ഇ-മെയിലിലും

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി. ഔദ്യോഗികാവശ്യങ്ങൾക്ക് സർവകലാശാല അറിയിപ്പനുസരിച്ച് എത്തുന്നവരെ മാത്രമേ കാമ്പസിൽ പ്രവേശിപ്പിക്കൂ. രേഖകൾ കാണിച്ച് പേരുവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷമേ സർവകലാശാല അറിയിപ്പ് നൽകിയതനുസരിച്ച് എത്തുന്ന സന്ദർശകരെ കാമ്പസിൽ പ്രവേശിപ്പിക്കൂ.

വിദ്യാർഥികളും പൊതുജനങ്ങളും സർവകലാശാലയുടെ ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തണം. ഒറിജിനൽ ഡിഗ്രി, പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, ജനുവിനസ് വെരിഫിക്കേഷൻ, ട്രാൻസ്ക്രിപ്റ്റ്, സെമസ്റ്റർവൈസ് ഗ്രേഡ് കാർഡ്, ഇക്വലൻസി, എലിജിബിലിറ്റി, മൈഗ്രേഷൻ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, കോഴ്സ് സർട്ടിഫിക്കറ്റ്, കണ്ടൊണേഷൻ, റീ അഡ്മിഷൻ, ഇന്റർകോളജ് ട്രാൻസ്ഫർ എന്നിവയ്ക്ക് സർവകലാശാല വെബ്സൈറ്റിലെ 'ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടൽ', 'ഓൺലൈൻ സർട്ടിഫിക്കറ്റ് പോർട്ടൽ' എന്നീ ലിങ്കുകൾ വഴി ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈനായി ലഭ്യമല്ലാത്ത സേവനങ്ങൾക്ക് generaltapaladmn@mgu.ac.in, tapal1@mgu.ac.in എന്നീ ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടാം.

സർവകലാശാലയിൽ ജീവനക്കാർ മാസ്ക് ധരിക്കുന്നത് നിർബന്ധമാണ്. ബ്രേക്ക് ദ ചെയിൻ കാമ്പയിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളിലെ സോപ്പും സാനിറ്റൈസറും ഉപയോഗിച്ച്

കൈകൾ അണുവിമുക്തമാക്കിയതിനു ശേഷമേ ഓഫീസിൽ പ്രവേശനം അനുവദിക്കുന്നുള്ളൂ. തെർമൽ സ്കാനർ ഉപയോഗിച്ച് ജീവനക്കാരുടെ ശരീരോഷ്മാവ് പരിശോധനയും ദിവസവും നടത്തുന്നുണ്ട്. മറ്റു സെക്ഷനുകൾ സന്ദർശിക്കുന്നതിന് ജീവനക്കാർക്ക് നിയന്ത്രണമുണ്ട്. അഭിമുഖങ്ങൾക്കും ഔദ്യോഗിക ഹിയറിങ്ങുകൾക്കും ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ലിഫ്റ്റിൽ ഒരേ സമയം നാലു പേരെയേ അനുവദിക്കൂ. സർവീസ് സംഘടനകൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചേ പ്രവർത്തനങ്ങൾ നടത്താവൂ. മുൻകരുതലുകൾ സംബന്ധിച്ച് വിശദമായ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്.

(പി.ആർ.ഒ/39/718/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ